# മൗദൂദീ സാഹിബിൻെറ 'വള്ളിപുള്ളി'കൾ

കബീർ എം. പറളി

"മതതീവ്രവാദം കൊണ്ടു നടക്കുന്ന സംഘടനകളും തീവ്രവാദ വിരോധം കൊട്ടിഘോഷിക്കുന്ന സംഘടനകളും ഒരു പോലെ ജമാഅത്തെ ഇസ്ലാമിയെ എതിർക്കുന്നത് എന്തു കൊണ്ട് എന്നാലോചിച്ചാൽ മതി, അതിനെതിരെ ഉന്നയിക്കപ്പെടുന്ന പല ആരോപണങ്ങളുടേയും പൊള്ളത്തരം മനസിലാക്കാൻ" എന്ന വാചകത്തിൽ അവസാനിക്കുന്ന ഒരു 'കവർ സ്റ്റോറി' 2007 ആഗസ്റ്റ് 18ലെ പ്രബോധനത്തിലുണ്ട്. 'ജമാഅത്തെ ഇസ്ലാമി വിമർശിക്കപ്പെടുന്നത്" എന്ന, അർധോക്തിയിൽ നിർത്തപ്പെട്ട തലക്കെട്ടിനെ വിശദീകരിക്കുന്നതല്ല പ്രസ്തുത ലേഖനമെങ്കിലും, ജമാഅത്തിൻെറ പുതിയ പ്രതിരോധപ്രവണതയെ വ്യക്തമാക്കുന്നുണ്ട് അത്.

ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ ജമാഅത്തു വിമർശനം നടത്തുന്ന സംഘടനകളെ വിഭാഗങ്ങളും ഉപവിഭാഗങ്ങളുമായി തരം തിരിച്ച്, അവരുടെ വിമർശന രീതിയെ, 'ആടിനെ പട്ടിയാക്കുക, എന്നിട്ട് തല്ലിക്കൊല്ലുക' എന്ന ഏർപ്പാടാക്കി പരിചയപ്പെടുത്തിക്കൊണ്ടാണ് ലേഖനത്തിൻെറ തുടക്കം. ജമാഅത്തിൻെറ നിലപാടുകൾ കേരളീയ സമൂഹത്തിൽ കൂടുതൽ സ്വീകാര്യമാവുന്നു എന്ന തോന്നലിൽ നിന്നാണ് 'ഈ സംഘടന അത്യന്തം ആപൽകാരിയാണ്' എന്ന ജമാഅത്തു വിമർശകരുടെ അലമുറയിടൽ എന്നും ലേഖകൻ വിലയിരുത്തുന്നുണ്ട്.

ജമാഅത്തെ ഇസ്ലാമിയുടെ വിഷയത്തിൽ ഈ രണ്ടുകാര്യങ്ങളും, ഇൻസാഫിൻെറ ഭാഗത്തുനിന്നുണ്ടായ 'നീതി'തീണ്ടിയിട്ടില്ലാത്ത വിലയിരുത്തൽ മാത്രമാണ്. മുജാഹിദു പ്രസ്ഥാനം ആട്ടിനെ പട്ടിയാക്കുകയൊ, എന്നിട്ടതിനെ ഭ്രാന്തൻപട്ടിയാക്കി തല്ലിക്കൊല്ലുകയൊ ചെയ്യുന്ന രീതി ശീലിച്ചവരല്ല. ഇക്കാര്യം വിവേകമതികൾക്ക് മുഴുവനുമറിയാം. എന്നാൽ ആട്ടിനും ഭ്രാന്തുവരാമെന്ന് അവർ മനസിലാക്കിയിട്ടുണ്ട്. ചില ആടുകൾക്കു ബാധിച്ച ഭ്രാന്തിനെ തിരിച്ചറിഞ്ഞ് ചികിത്സിക്കാനൊ, അതിനാവുന്നില്ലെങ്കിൽ പ്രസ്തുത ഭ്രാന്തിനെപ്പറ്റി സാധാരണ ജനങ്ങളെ ബോധവത്കരിക്കാനൊ മുജാഹിദുകൾ ശ്രമിക്കാറുമുണ്ട്. 'അതാകട്ടെ കേരളീയ സമൂഹത്തിൽ കൂടുതൽ സ്വീകാര്യമാകുന്ന ജമാഅത്തിൻെറ നിലപാടുകൾ കണ്ടിട്ട്' ഇന്നലെയൊ, ഒരാഴ്ച മുമ്പൊ തുടങ്ങിയ പ്രവർത്തനമല്ല. മുസ്ലിമിൻെറ ആദർശത്തേയും, വീക്ഷണങ്ങളേയും, ആരാധനാകർമ്മളേയും സാരമായി ബാധിക്കാവുന്ന രോഗലക്ഷണങ്ങൾ ജമാഅത്തെ ഇസ്ലാമിയുടെ ആദർശപ്രതിപാദനങ്ങളിൽ കണ്ടു തുടങ്ങിയ അതിൻെറ ആദ്യനാൾ മുതൽ തുടങ്ങിയതാണ് മുജാഹിദു ഭാഗത്തു നിന്നുള്ള മുന്നറിയിപ്പിൻെറ ശബ്ദം. വിവേകികളുടെ മുന്നറിയിപ്പുകളെ അവഗണിച്ചും സമൂഹത്തിൽ 'സ്വീകാര്യമാകുന്ന നിലപാടുകൾ' ജമാഅത്തെ ഇസ്ലാമിയുടെ ആദർശം പോലെ വേറെയുമുണ്ട്. എതിർക്കപ്പെടേണ്ട ആശയാദർശങ്ങളുടെ സ്വീകാര്യതയെ പരിഗണിച്ച് മുന്നറിയിപ്പുകളും ബോധവത്കരണങ്ങളും നിർത്തിവെക്കാൻ മുജാഹിദു പ്രസ്ഥാനം ശീലിച്ചിട്ടേയില്ല.

ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയുടെ പോളിസിപ്രോഗ്രാമുകളിലെ അനിസ്ലാമികതകളും അപക്വതകളും എതിർക്കപ്പെടുമ്പോഴൊക്കെ, അവരുടെ ഭാഗത്തു നിന്നും ഉണ്ടാകാറുള്ള പരിഭവം, വിമർശകർ മൗദൂദീ സാഹിബിനെ ആക്ഷേപശരവ്യമാക്കുന്നു എന്നാണ്. പൊതുജനത്തിൻെറ മുന്നിൽ വിമർശനത്തിൻെറ മർമ്മം മാറ്റിയവതരിപ്പിക്കാനുള്ള അവരുടെ ശേഷി എത്രയോ വട്ടം നമ്മൾ കണ്ടതാണ്. ലോകമുസ്ലിം ചിന്തകൻ, ഇസ്ലാമിനെ ലോകത്തിന് ബദലായി അവതരിപ്പിച്ച ധിഷണ, മതേതരത്വം, ജനാധിപത്യം, ദേശീയത തുടങ്ങിയ പാശ്ചാത്യൻ സകൽപങ്ങളുടെ വിമർശകൻ എന്നിങ്ങനെയുള്ള സ്വയംകൃത ബഹുമതികളുടെ ഉടമയെ വ്യക്തിഹത്യക്ക് വിധേയമാക്കുകയാണ് കേരളത്തിലെ മുജാഹിദുകൾ എന്ന പരിദേവനവും

ജമാഅത്തു വേദികളിൽ സാധാരണമാണ്. മൗദൂദീ സാഹിബ് ആവിഷ്കരിച്ചതും സമർപ്പിച്ചതുമായ ആശയങ്ങളെ വിമർശിക്കുമ്പോൾ, ഇൻസാഫിൻെറ വാക്കുകൾ കടമെടുത്തു പറഞ്ഞാൽ, 'ലോകത്തിലെ അറിയപ്പെടുന്ന ഒരു മതാധിഷ്ഠിത രാജാധിപത്യ ഭരണകൂടം' നൽകി വരുന്ന ഫൈസൽ അവാർഡിൻെറ പ്രഥമ ജേതാവ് എന്ന കട്ടൗട്ടു കൊണ്ട് ജമാഅത്തു ലേഖകർ അതിനെ പ്രതിരോധിച്ചു നിൽക്കാറുണ്ട് എന്നതും തമാശയാണ്. ജമാഅത്തെ ഇസ്ലാമിക്ക് ബീജാവാപം നൽകുകയും അതിന് ശക്തമായ ദാർശനികാടിത്തറ പണിയുകയും ചെയ്ത മൗദൂദിയോടുള്ള കടപ്പാട് പ്രഖ്യാപിക്കുന്ന ഇൻസാഫിൻെറ പാർട്ടി പക്ഷെ, അദ്ദേഹത്തിൻെറ ഫെയിമിനുപയോഗിക്കുന്ന 'ഫൈസൽ അവാർഡി'ൻെറ ദാതാക്കളോടൊ, അവരുടെ രാഷ്ട്രത്തോടൊ ഉള്ള, 'വിധേയത്വം' വേണ്ട, ചാരിതാർത്ഥ്യമെങ്കിലും പ്രകടിപ്പിക്കാറില്ല എന്നതാണ് വസ്തുത. ഖുമൈനിയേയും ഇറാനിനേയും പ്രതിപാദിക്കേണ്ടിവരുമ്പോൾ, ഇസ്ലാമിക വിപ്ലവ നേതാവെന്നും ഇസ്ലാമിക് റിപ്പബ്ളിക്കെന്നും 'അറ്റത്തിൻറങ്ങേയറ്റത്തെ വിധേയത്വ'ത്തോടെ എഴുതാറും പ്രസംഗിക്കാറുമുള്ള ജമാഅത്തു പാർട്ടി പ്രവർത്തകരിലെ ഒരംഗമാണ് സൗദീ അറേബ്യയെ 'ലോകത്തിലെ അറിയപ്പെടുന്ന ഒരു മതാധിഷ്ഠിത രാജാധിപത്യ ഭരണകൂടം' എന്ന് 'അലുക്കും തൊങ്ങലും' വെച്ച് പരിചയപ്പെടുത്തുന്നത്.

മൗദൂദിയേയും ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയേയും വേവ്വേറെ നിർത്തി വിലയിരുത്തണമെന്നാണ് 'പ്രബോധന'ത്തിലെ ലേഖനം വിമർശകരോട് ആവശ്യപ്പെടുന്നത്. 'സ്വാതന്ത്ര്യപൂർവ ജമാഅത്ത്', 'സ്വാതന്ത്ര്യാനന്തര ജമാഅത്ത്' എന്നിങ്ങനെ വ്യവഛേദിക്കപ്പെടാതെയുള്ള വിലയിരുത്തലുകൾ മൗദൂദീ ആക്ഷേപങ്ങളായി പരിണമിക്കും എന്ന മുന്നറിയിപ്പും പ്രസ്തുത ലേഖനത്തിലെ പ്രധാന ഭാഗമാണ്.

എല്ലാറ്റിലുപരി ജമാഅത്തു വിമർശകരിൽ ഇൻസാഫ് നടത്തുന്ന ആരോപണം, അവർ മൗദൂദിയുടെ വീക്ഷണങ്ങൾ സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്ത് 'ഇന്ത്യയിൽ ഇസ്ലാമിക ഭരണം സ്ഥാപിക്കലാണ് ജമാഅത്തെ ഇസ്ലാമിയുടെ ലക്ഷ്യം' എന്ന് 'വരുത്തിത്തീർക്കുന്നു' എന്നാണ്. അഥവാ മൗദൂദിയുടെ വീക്ഷണങ്ങളിലൊ, ആഹ്വാനങ്ങളിലൊ ഇസ്ലാമിക ഭരണം സ്ഥാപിക്കുന്നതിനെപ്പറ്റി യാതൊന്നുമില്ലായിരുന്നുവെന്നും, അത് ശത്രുപക്ഷത്തിൻെറ 'വരുത്തിത്തീർക്കലാകുന്നു' എന്നുമാണ് താത്പര്യം!

'സ്വന്തം ഭരണമില്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത സകൽപ വീടുപോലെയാണ്' എന്ന മൗദൂദിയൻ മാസ്റ്റർപീസ് ക്വട്ടേഷനെങ്കിലും വായിച്ചു ശീലിച്ച ഒരു ജമാഅത്തുകാരനായിരുന്നു ലേഖകനെങ്കിൽ, ജമാഅത്തെ ഇസ്ലാമിയുടെ വിമർശകരുടെ മേൽ 'വരുത്തിത്തീർക്കൽ' ആരോപണം അദ്ദേഹം നടത്തില്ലായിരുന്നു. മൗദൂദീ വീക്ഷണങ്ങളെ സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്താണ് ഈ വരുത്തിത്തീർക്കൽ നടത്തുന്നത് എന്ന് പരിതപിക്കുന്ന ലേഖകന് താഴെക്കൊടുക്കുന്ന ഉദ്ധരണികളുടെ 'സന്ദർഭം' വ്യക്തമാക്കി വിശദീകരിക്കാനാകുമൊ? ഇന്ത്യയിൽ ഒരു ഇസ്ലാമിക ഭരണകൂട സംസ്ഥാപനം ലക്ഷ്യമിട്ടുകൊണ്ടുള്ള മൗദൂദിയൻ ആഹ്വാനങ്ങളല്ല ഖുതുബാതിലേയും, ജിഹാദിലേയും വരികളെന്ന് സ്ഥാപിക്കാനും ഇദ്ദേഹത്തിനാകുമൊ?

"പ്രജായത്ത ദീനൊ' 'രാജത്വദീനൊ' ആകട്ടെ, 'സോഷ്യലിസ്റ്റ് ദീനൊ' അല്ലാഹുവിൻെറ ദീനൊ മറ്റേതെങ്കിലും ദീനൊ ആകട്ടെ, ഓരോന്നിനും അതതിൻെറ നിലനിൽപിന് സ്വന്തമായ ഭരണം ഏതു വിധത്തിലും അത്യന്താപേക്ഷിതമാകുന്നു. സ്വന്തം ഭരണമില്ലാത്ത ദീനിൻെറ സ്ഥിതി ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത ഒരു സകൽപ വീടുപോലെയാണ്." (ഖുതുബാത്, 16ാം പതിപ്പ്, അധ്യായം ജിഹാദിൻെറ പ്രാധാന്യം, പേജ് 288

"വ്യഭിചരിക്കുവാൻ സ്വാതന്ത്ര്യം ലഭിച്ച സ്ഥലങ്ങളിൽ, അതിന്നെതിരായി എത്ര സദുപദേശം നൽകിയാലും ആ നീചകർമം നില്ക്കുകയില്ല. എന്നാൽ ഭരണാധികാരമുള്ള ഒരു ശക്തി ബലം

പ്രയോഗിച്ചു അതിനെ നിർത്തിയാൽ ജനങ്ങൾ നിഷിദ്ധമാർഗം ഉപേക്ഷിച്ചു അനുവദനീയമായ മാർഗം കൈകൊണ്ടു തുടങ്ങുന്നതായിരിക്കും. മദ്യപാനം, ചൂതുകളി, പലിശ, കൈക്കൂലി, നീചമായ കളി, വിനോദം, ലജ്ജാ വിഹീനമായ വസ്ത്രധാരണം, സാൻമാർഗിക ബോധത്തെ കെടുത്തുന്ന വിദ്യാഭ്യാസ സമ്പ്രദായം ആദിയായ നിഷിദ്ധങ്ങളൊക്കെ കേവലം സദുപദേശം കൊണ്ടു ഇല്ലായ്മ ചെയ്യാമെന്ന് നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ അതൊരു വ്യാമോഹം മാത്രമാണ്. എന്നാൽ, ഭരണാധികാരമുപയോഗിച്ച് ഇത്തരം സകല വിപത്തുക്കളേയും നിഷ്പ്രയാസം ദുരീകരിക്കാവുന്നതാണ്...." (ഖുതുബാത്ത്, 16ാം പതിപ്പ്, അധ്യായം ജിഹാദ്, പേജ് 278)

"അല്ലാഹുവിൻെറ ഭൂമിയിൽനിന്നു അക്രമ മർദ്ദനങ്ങളവസാനിപ്പിക്കണമെന്ന് ആരെങ്കിലും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, അല്ലാഹുവിൻെറ ദാസൻമാർ അഭിവൃദ്ധി പ്രാപിക്കണമെന്ന് വാസ്തവത്തിൽ വല്ലവരും ആഗ്രഹിക്കുന്നുണ്ടെങ്കിൽ, തങ്ങൾ വെറും ഉപദേഷ്ടാക്കളും പ്രസംഗകരുമായിരുന്നാൽ പോരാ, പ്രത്യുത, മുമ്പോട്ടു ചെന്ന് അബദ്ധമായ അടിത്തറമേൽ സ്ഥാപിതമായ അധികാരാധിപത്യങ്ങൾ തുടച്ചുനീക്കി സുബദ്ധമായ അടിസ്ഥാനത്തിൽ കെട്ടിയുറപ്പിക്കുകയും, ജനനേതൃത്വത്തെ ദുർജ്ജന ഹസ്തങ്ങളിൽ നിന്നു പിടിച്ചെടുത്ത് സജ്ജനങ്ങളുടെ കരങ്ങളിൽ അർപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമായ ഒരു കർത്തവ്യമത്രെ." (ഖുതുബാത്ത്, 16ാം പതിപ്പ്, അധ്യായം ജിഹാദ്, പേജ് 278)

"ഏതൊന്നിൻെറ ശക്തി ഭൂമിയിൽ സ്ഥാപിതമായിരിക്കുന്നുവൊ, ഏതൊന്നിൻെറ നിയമം അനുഷ്ഠാനത്തിലുണ്ടൊ, ഏതൊന്നിൻെറ പദ്ധതിയനുസരിച്ച് ജീവിത ഏർപ്പാടുകൾ വ്യവസ്ഥിതമായിരിക്കുന്നുവൊ അതത്രെ സാക്ഷാൽ ദീൻ. ആകയാൽ ഓരോ ദീനിൻേറയും പ്രകൃതിതന്നെ തേടുന്നത് അതിന് ഭരണം ലഭിക്കണമെന്നാണ്." (ഖുതുബാത്: 16ാം പതിപ്പ്, പേജ്: 289)

"ചുരുക്കത്തിൽ, മനുഷ്യൻ അല്ലാഹുവൊഴികെ മറ്റാരുടേയും അടിമകളാകാതിരിക്കുക. ഇതല്ലാതെ ഇസ്ലാം മറ്റൊന്നും ഉദ്ദേശിക്കുന്നില്ല. കലർപ്പില്ലാത്ത തനി ദൈവികാധിപത്യം ഇല്ലാതിരിക്കുന്ന കാലത്തോളം ഈ ഉദ്ദേശ്യം പൂർത്തിയാകയില്ലെന്നത് എത്രയും വ്യക്തമാണ്."(ഖുതുബാത്: 16ാം പതിപ്പ്, പേജ്: 290)

"ഇതല്ലാത്ത ആദർശത്തിലും പദ്ധതിയിലും അധിഷ്ഠിതമായ മുഴുവൻ ഭരണകൂടങ്ങളേയും ഇസ്ലാം എതിർക്കുന്നു. അവയെ പൂർണ്ണമായും നശിപ്പിക്കണമെന്ന് അതാഗ്രഹിക്കുന്നു. ഭരണം നടത്തുന്നത് ആരെന്നോ ഗവർമ്മെണ്ട് ഏതെന്നോ ഇവിടെ പ്രശ്നമല്ല. ഇസ്ലാമിൻെറ ലക്ഷ്യം അതിൻെറ ആദർശത്തിൻെറ ഉന്നമനമാണ്. ദൈവിക വ്യവസ്ഥിതിയുടെ വ്യാപനമാണ്. ഈ ആദർശത്തിൻെറയും പദ്ധതിയുടേയും അടിസ്ഥാനത്തിലുള്ള ഭരണകൂടങ്ങളുടെ സംസ്ഥാപനമാണ്." (ജിഹാദ്, അബുൽഅഅ്ല മൗദൂദി, ഐ.ഐ.എഫ്.എസ്.ഒ, പേജ്: 9)

"ഇസ്ലാം അതിൻെറ ആളുകളെ ഇപ്രകാരം സന്നദ്ധരാക്കിയശേഷം അവരോടു പറയുന്നു, 'ഇതാ ഇപ്പോൾ നിങ്ങൾ ഭൂമുത്ത് അല്ലാഹുവിൻെറ സർവോപരി ഉത്തമൻമാരായ അടിമകളായി ത്തീർന്നിരിക്കുന്നു. അതുകൊണ്ട് ഇനി മുമ്പോട്ടു കടന്ന്, അല്ലാഹുവിനെ ധിക്കരിക്കുകയും അവൻെറ ഭൂമിയിൽ രാജദ്രോഹികളായി വർത്തിക്കുകയും ചെയ്യുന്നവരുടെ കൈകൾ പിടിച്ചു നിർത്തുകയും അല്ലാഹുവിൻെറ പ്രാതിനിധ്യമാകുന്ന അധികാരം സ്വയം കൈയേൽക്കുകയും ചെയ്യുക' എന്ന്." (ഖുതുബാത്: 16ാം പതിപ്പ്, പേജ്: 283)

ഈവക ഉദ്ധരണികളൊന്നും ഇസ്ലാമിക ഭരണകൂട നിർമ്മിതിയെയല്ല, കേവലമൊരു സോളിഡാരിറ്റി രൂപീകരണത്തെ, അല്ലെങ്കിൽ വിഷൻ 2016 പോലുള്ള പദ്ധതികളുടെ ആവിഷ്കരണത്തെയാണ് സൂചിപ്പിക്കുന്നത് എന്നതിന് സന്ദർഭത്തിൽ നിന്നും അടർത്തിമാറ്റാത്ത വല്ല

വിശദീകരണവും ഇൻസാഫിനൊ പാർട്ടി ചിന്തകർക്കൊ പറയാനുണ്ടെങ്കിൽ അത് വ്യക്തമാക്കുക.

മൗദൂദി സാഹിബിൻെറ വിമർശകരെപ്പോലെത്തന്നെ ഇൻസാഫും പാർട്ടിയും അംഗീകരിക്കുന്ന കാര്യമാണ്, അദ്ദേഹത്തിൻെറ ചിന്തകളിൽ തള്ളാവുന്നതും കൊള്ളാവുന്നതുമുണ്ട് എന്നത്. അഥവാ ഇസ്‌ലാമിക പ്രമാണങ്ങളോട് യോജിക്കാത്ത ജല്പനങ്ങൾ മൗദൂദി ചിന്തകളായി അദ്ദേഹത്തിൻെറ രചനകളിലൂടെയും മറ്റും ധാരാളം വെളിച്ചം കണ്ടിട്ടുണ്ട് എന്നർത്ഥം. അവയാകട്ടെ, സമൂഹത്തിൽ വ്യാപകമായിത്തീരുകയും ചെയ്തിട്ടുണ്ട്. സ്വയം വ്യാപകമായതാണൊ അവ. അല്ല. അവയെ വ്യാപകമാക്കാൻ ഒരു സംഘടന കൈമെയ് മറന്നു പരിശ്രമിച്ചതിൻെറ ഫലമായി സംഭവിച്ചതാണ് അത്. ആ സംഘടന ഞങ്ങളുടേതാണ് എന്നു പറയാൻ ധൈര്യഭാഗ്യമില്ലാത്തതിനാലാണ്, 'അദ്ദേഹത്തിൻെറ വീക്ഷണങ്ങളെ അപ്പാടെ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ മേൽ ആരോപിക്കുന്നത് ബുദ്ധിപരമായ കാപട്യ'മാണ് എന്ന് ഇൻസാഫിന് എഴുതേണ്ടിവരുന്നത്. സത്യത്തിൽ ഇതല്ലെ കാപട്യം?

ലേഖകനെഴുതുന്നു: "സമകാലിക ലോകത്തോട് സംവദിക്കാനുതകുന്ന വിധം ഈ അടിത്തറ കെട്ടിപ്പടുക്കുന്നതിൽ മൗദൂദിയോടുള്ള കടപ്പാട് ജമാഅത്തെ ഇസ്‌ലാമിക്ക് നിഷേധിക്കാനാകി ല്ല. അതിനർത്ഥം മൗദൂദിയെ ഈ സംഘടന വള്ളിപുള്ളി പിന്തുടരുന്നുവെന്നല്ല." നമുക്ക് ചില പ്രതീക്ഷകൾ നൽകുന്ന പ്രയോഗമാണിത്. ജമാഅത്തെ ഇസ്‌ലാമിക്കും വിമർശകർക്കും ഒരുപോലെ കാര്യങ്ങൾ വളരെ ലളിതമായേക്കാവുന്ന പ്രസ്താവന. അതിന് ഒരു കാര്യമേ ജമാഅത്തു പാർട്ടി നേതൃത്വം ചെയ്യേണ്ടതുള്ളൂ. മൗദൂദി സാഹിബിൻെറ ചിന്തകളിൽനിന്നും അവർ പിന്തുടരാത്ത 'വള്ളിപുള്ളി'കൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുക. അദ്ദേഹത്തിൻെറ സ്വാതന്ത്ര്യപൂർവ ചിന്തകളിലാണൊ സ്വാതന്ത്ര്യനാനന്തര ചിന്തികളിലാണൊ പ്രസ്തു 'വള്ളിപുള്ളി 'കൾ കുടികൊള്ളുന്നത് എന്നും വിശദീകരിക്കുക. ആ 'വള്ളിപുള്ളികൾ' അനിസ്‌ലാമികമായതു കൊണ്ടാണൊ, അതല്ല കേവലം ശാഖാപരമായതു കൊണ്ടാണൊ എന്നും പ്രസ്താവിക്കുക. അതി നാകുന്നില്ല എകിൽ, മൗദൂദിയൻ ചിന്തകളിൽ ഇസ്‌ലാമിനന്യമായ, മുസ്‌ലിംകൾക്ക് സ്വീകാര്യയോഗ്യമല്ലാത്ത 'വള്ളിപുള്ളി'കളുണ്ടെന്ന് വിശ്വാസിക്കാനും അവയെ വിമർശിക്കാനും മറ്റുള്ളവർക്കും അവകാശമുണ്ടെന്ന് ബോധ്യപ്പെട്ടു നിശബ്ദത പാലിക്കുക. അതാണ് മാന്യതയും.

മുജാഹിദു പ്രസ്ഥാനത്തിൻെറ വസ്തു നിഷ്ഠമായ വിമർശനങ്ങളെ മറികടക്കാൻ പുതുതായി ആവിഷ്കരിച്ച തരികിടയാണ്, മൗദൂദി സാഹിബിനെ 'സ്വാതന്ത്ര്യപൂർവ മൗദൂദി, സ്വാതന്ത്ര്യാനന്തര മൗദൂദി' എന്നിങ്ങനെ വേർതിരിച്ചു കൊണ്ടുള്ള വിശകലനം. "സമകാലിക ഇന്ത്യയുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് മൗദൂദിയെ അപഗ്രഥിക്കുന്നത് ആശയക്കുഴപ്പത്തിനിടയാക്കും" എന്ന് സമ്മതിക്കുന്ന ലേഖകൻ അതിന് കാരണമായി പ്പറയുന്നത്, "ജനാധിപത്യ, മതേതര ഇന്ത്യയുടെ പരിസരത്തു നിന്നുകൊണ്ടല്ല മൗദൂദി ചിന്തി ച്ചതും, പ്രവർത്തിച്ചതും" എന്നാണ്. അതു കൊണ്ടു തന്നെ "വർഷങ്ങൾ കഴിഞ്ഞ്, സ്വതന്ത്ര ഇന്ത്യയിൽ രൂപപ്പെടാൻ പോകുന്ന സവിശേഷമായ മതനിരപേക്ഷ, ജനാധിപത്യ സംവിധാനം അദ്ദേഹത്തിൻെറ ദൃഷ്ടിപഥത്തിലുണ്ടാവുക സാധ്യമായിരുന്നില്ലല്ലൊ" എന്നാണ് ന്യായീകരണം. എകിൽ പിന്നെന്തിനാണ് മൗദൂദി സാഹിബ് 'ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് ആയിരം വട്ടം ശാപ'മോതിയത്? വരാനിരിക്കുന്ന സ്വതന്ത്ര ഇന്ത്യയുടെ സവിശേഷ സംവിധാനം സ്വന്തം ധൃഷ്ടിപഥത്തിലില്ലായിരുന്ന മൗദൂദിയെന്തിനാണ്, ബ്രിട്ടീഷധിനിവേശത്തിൽ നിന്നുള്ള ഇന്ത്യയുടെ മോചനത്തെ 'ലാത്ത പോയി മനാത്ത വരലായി' പ്രഖ്യാപിച്ചത്? സത്യത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് വന്നുഭവിച്ച ഗതികേടാണീ പ്രസ്താവനകൾ.

സ്വന്തം ആചാര്യനെ സംബന്ധിച്ച ഇൻസാഫിന്റെ വരികൾ, അദ്ദേഹത്തിന്റെ വിമർശകർ പോലും ഇന്നുവരെ ഉപയോഗിച്ചിട്ടില്ലാത്തവയാണ്. താൻ ജീവിക്കുകയും, ഇസ്‌ലാമിക ചിന്തകൾ ആവിഷ്കരിക്കുകയും, അവയുടെ സാക്ഷാത്കാരത്തിനു വേണ്ടി ഒരു സംഘടനക്ക് രൂപം കൊടുക്കുകയും ചെയ്ത മുപ്പതുകളിലെ ഇന്ത്യൻ പരിസരത്തു നിന്ന് കേവലം പത്തുവർഷം അപ്പുറത്തേക്ക് പോലും ചിന്തിക്കാൻ, മൗദൂദിയുടെ ദൃഷ്ടിപഥം വിശാലമല്ലായിരുന്നു എന്നു പറഞ്ഞാൽ ഈ 'ലോക പ്രശസ്ത ഇസ്‌ലാമിക ചിന്ത'കന്റെ ഗതി-ഗതികേടുകളെപ്പറ്റി ആളുകൾ ചിന്തിച്ചു പോകില്ലേ? സത്യത്തിൽ ഇതുവരേയും ജമാഅത്തെ ഇസ്‌ലാമി കളം വരച്ചതും കളിച്ചു കൊണ്ടിരുന്നതും കളരിക്കു വെളിയിലായിരുന്നു. എന്നാൽ ഇൻസാഫിന്റെ വരവോടെ അത് ആശാന്റെ നെഞ്ചത്തായിത്തീർന്നിട്ടുണ്ട്. ആദർശപക്ഷത്തല്ല, ജനപക്ഷത്തു നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഇത്തരം കടുംകൈകൾ ഇവർ ചെയ്തേ മതിയാകൂ.

മൗദൂദീ സാഹിത്യങ്ങൾ തീവ്രവാദ പ്രസ്ഥാനങ്ങൾക്ക് ഉറവിടമായി നിലകൊള്ളുന്നുണ്ട് എന്നത് വസ്തുതയാണ്. എങ്കിലും ജനപക്ഷപ്രവർത്തനങ്ങളുമായി 'ജനമനസുകളിൽ സ്വീകാര്യത' നേടിക്കൊണ്ടിരിക്കുന്ന ജമാഅത്തെ ഇസ്‌ലാമി പറയും, 'തീവ്രവാദത്തിന് ഊർജ്ജം പകരുന്നുവെന്ന് ആക്ഷേപിക്കപ്പെടുന്ന ഈ സംഘടന അതിന്റെ അണികളിൽ അറിയപ്പെടുന്ന ഒരു തീവ്രവാദിക്കും ഇന്നേവരെ ജന്മം നൽകിയിട്ടില്ല' എന്ന്. ഇതു പറയുമ്പോൾ, തങ്ങളാൽ വളർത്തി വലുതാക്കപ്പെട്ട, മൗദൂദീ ഗ്രന്ഥങ്ങൾ കുറച്ചധികം വായിച്ചു പഠിക്കുകയും, പഠിച്ചതുപോലെ പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തതിന്റെ പേരിൽ തങ്ങളാൽത്തന്നെ പുറത്താക്കപ്പെട്ട സിമിയെപ്പറ്റി ഇവർ ചിന്തിക്കാറില്ല. പലവുരു നിരോധിക്കപ്പെട്ട പാർട്ടിയുടെ പൂർവ ചരിത്രം ഓർമ്മിക്കാറില്ല. ഇന്നത്തെ കേരളീയ സാഹചര്യത്തിൽ തലവേദന സൃഷ്ടിച്ചു നിലകൊള്ളുന്ന എൻ.ഡി.എഫിന്റെ ദാർശനികമൂശയെപ്പറ്റിയൊ, അതിന്റെ തലപ്പത്തിരിക്കുന്ന 'അറിയപ്പെടുന്ന' ആളുകളെപ്പറ്റിയൊ ആലോചിക്കാറില്ല. ഇവയെപ്പറ്റിയൊക്കെ അറിവുള്ള വിവേകികൾ ഭൂമിമലയാളത്തിലുണ്ട് എന്നു പോലും ചിന്തിക്കാറില്ല.

അതൊക്കെ കഴിഞ്ഞകഥ, ജമാഅത്തിന്റെ നയനിലപാടുകൾ 'നിരന്തര പുനഃപരിശോധന'ക്കു വിധേയമായി കുളിച്ചൊരുങ്ങി പുതിയകുപ്പായമിട്ടു നിൽക്കുന്ന സംഭവകാല ചരിത്രത്തിൽ അങ്ങനെ വല്ല അപവാദങ്ങളും പറയാനുണ്ടോ? ഇല്ല, സർ, ഇല്ല. ഇനിയൊട്ടുണ്ടാവുകയുമില്ല. മാസാമാസം സുന്നഹദോസുകൾ കൂടി ആദ്യജിതാവസ്ഥയിൽ നിന്നും മാറ്റിമറിക്കപ്പെട്ട ജമാഅത്തെ ഇസ്‌ലാമിയുടെ പുതിയ ഭരണഘടനയിൽ നിന്ന്, അതിന്റെ പുതിയ ഗുരുമുഖങ്ങളിൽ നിന്ന് തീവ്രവാദനിലപാടുകൾക്ക് വെളിച്ചം കിട്ടില്ലെന്നത് നേരാണ്. ആചാര്യൻ നൽകിയ സ്വന്തം 'ആദർശപക്ഷം' കയ്യൊഴിഞ്ഞ്, നിലനിൽപിന്റെ പുതിയ 'ജനപക്ഷം' സ്വീകരിച്ച ജമാഅത്തിൽ നിന്ന് ഇനിയുമൊരു തീവ്രവാദി ഉണ്ടാകാനിടയില്ല. പക്ഷെ, മൗദൂദീ സാഹിത്യങ്ങൾ, 'ജമാഅത്തിന്റെ അഖീദ'യായിട്ടാണെങ്കിലും അല്ലെങ്കിലും ഐ.പി.എച്ചിൽ നിന്ന് പുറത്തിറങ്ങുന്ന കാലത്തോളം തീവ്രവാദവും തീവ്രവാദികളും ഉയിർകൊള്ളുക തന്നെ ചെയ്യും. മൗദൂദീ സാഹിബിന്റെ 'വള്ളിപുള്ളിക'ളേതൊക്കെയാണെന്ന് ജമാഅത്തു നേതൃത്വം വ്യക്തമാക്കാത്തിടത്തോളം കാലം, അപ്പോഴൊക്കെ ജമാഅത്തെ ഇസ്‌ലാമിയും പ്രതിക്കൂട്ടിൽ കയറ്റപ്പെടും. അതിനെ 'ദുരുപദിഷ്ടമായ മൗദൂദീ വിരുദ്ധ പ്രൊപഗണ്ടയായി' വ്യാഖ്യാനിച്ചാലും ഇല്ലെങ്കിലും ശരി.